# വഴികളെ വിചാരിക്കുവിൻ

## ഹഗ്ഗായി 1:7–8

**"യഹോവ ഇപ്രകാരം അരുളിചെയ്യുന്നു, നിങ്ങളുടെ വഴികളെ വിചാരിച്ചു നോക്കുവിൻ. നിങ്ങൾ മലയിൽ ചെന്ന് മരം കൊണ്ടുവന്ന് ആലയം പണിവിൻ; ഞാൻ അതിൽ പ്രസാദിച്ചു മഹത്വപ്പെടും എന്ന് യഹോവ കല്പിക്കുന്നു."**

യഹോവയായ ദൈവം ഹഗ്ഗായി പ്രവാചകൻ മുഖാന്തരം യിസ്രായേൽ ജനത്തിനു കൊടുക്കുന്ന അരുളപ്പാടാണ് മേൽപ്പറഞ്ഞ വാക്യം. മുടങ്ങിക്കിടക്കുന്ന ദേവാലയം പണി പുനരാരംഭിക്കുവാൻ യഹോവയാലുള്ള അരുളപ്പാട് ഹഗ്ഗായി പ്രവാചകൻ പ്രവാസികളായ യിസ്രായേൽ മക്കളെ അറിയിച്ച് അവരെ ഉണർത്തുന്നു. ഇതിന്റെ ആത്മീക അർത്ഥത്തിൽ ഇന്ന് ഈ അരുളപ്പാട് ഓരോ ക്രിസ്തീയ വിശ്വാസിയോടും ആണ്.

നമ്മുടെ ദേവാലയം ശൂന്യമായിക്കിടക്കുകയാണോ? അതിന്റെ പണി മുടങ്ങിക്കിടക്കുകയാണോ? നമുക്ക് ഒന്ന് ശോധന ചെയ്യാം. നമ്മുടെ കർത്താവ് പറയുകയാണ്. നിങ്ങളുടെ വഴികളെ വിചാരിച്ചു നോക്കുവിൻ. "ഈ ആലയം ശൂന്യമായിരിക്കെ നിങ്ങൾക്കു തട്ടിട്ട വീടുകളിൽ പാർപ്പാൻ കാലമായോ?" (ഹഗ്ഗായി 1:4).

ഇന്ന് കർത്താവിന്റെ ആലയം നമ്മൾ ഓരോരുത്തരുമാണ്. വലിയ വിലകൊടുത്ത്, അവന്റെ സ്വന്തരക്തം കൊടുത്ത്, വീണ്ടെടുക്കപ്പെട്ട നമ്മൾ ഓരോരുത്തരും, ആ ആലയത്തിന്റെ പണി ആത്മാർത്ഥമായി ചെയ്യുന്നവരാണോ? അതോ ആ പണിക്ക് മുടക്കം വന്നുവോ? നമുക്ക് നമ്മുടെ വഴികളെ ഒന്നു വിചാരിച്ചു നോക്കാം.

9–10 വാക്യത്തിൽ വീണ്ടും പറയുന്നു. എന്റെ ആലയം ശൂന്യമായി കിടക്കയും നിങ്ങൾ ഓരോരുത്തനും താന്താന്റെ വീട്ടിലേക്ക് ഓടുകയും ചെയ്യുന്നു. എന്താണ് നമ്മുടെ മുൻഗണന? നമ്മുടെ ജീവിതത്തിൽ പ്രഥമസ്ഥാനം കർത്താവിനാണോ?

ലോകത്തിന് കൂടുതൽ പ്രാധാന്യംകൊടുത്ത്, ലോകപ്രകാരമുള്ള സുഖസൗകര്യങ്ങൾ നേടിയെടുക്കാൻ ജീവിതത്തിന്റെ വിലയേറിയ സമയം പാഴാക്കി കളയുന്ന ക്രിസ്ത്യാനിക്കുള്ള മുന്നറിയിപ്പാണ് ഈ വേദഭാഗം. ദൈവജനം വളരെ ഓടുന്നു, കഷ്ടപ്പെടുന്നു, അദ്ധ്വാനിക്കുന്നു. വളരെയേറെ കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു. എന്നാൽ പ്രതിഫലം നാമമാത്രമായി പോകുന്നു. എന്തുചെയ്തിട്ടും തൃപ്തി വരുന്നില്ല. കൂലിക്കാരൻ കൂലിവാങ്ങി ഓട്ടസഞ്ചിയിൽ ഇടുന്നതുപോലെയാണ് നമ്മുടെ അദ്ധ്വാനഫലം എന്ന് ഇവിടെ പറയുന്നു. അധികം കിട്ടുമെന്ന് കാത്തിരുന്ന് കിട്ടിയ അല്പം വീട്ടിൽ കൊണ്ടുവന്നു. അത്

യഹോവ ഊതിക്കളഞ്ഞു. കർത്താവിന് പ്രഥമസ്ഥാനം കൊടുക്കാതെ ജീവിതത്തിൽ ചെയ്യുന്ന ഓരോ പ്രവൃത്തികളും വൃഥാവായിപ്പോകും എന്ന് ഇവിടെ ഓർമ്മപ്പെടുത്തുകയാണ്, 'നിങ്ങളുടെ വഴികളെ വിചാരിച്ചു നോക്കുവിൻ'.

അതുകൊണ്ട് ദൈവജനം എന്താണ് ചെയ്യേണ്ടത്? നമ്മുടെ ആലയംപണി പുനരാരംഭിക്കണം. അതിന് മലയിൽ ചെന്ന് മരം കൊണ്ടുവരണം. നമ്മൾ ഉയരത്തിലേക്ക് കയറിച്ചെല്ലണം. അതിന് ഒരു അദ്ധ്വാനം ആവശ്യമാണ്. ഓരോ ദിവസവും ബോധപൂർവ്വം പാപത്തിൽ നിന്ന് ഒഴിഞ്ഞ് വിശുദ്ധിയുടെ പടവുകൾ ചവുട്ടി കയറണം. ജഡമോഹത്തെയും, കൺമോഹത്തെയും, ജീവിതത്തിന്റെ പ്രതാപത്തെയും ജയിച്ച്, സാത്താന്റെ പ്രലോഭനങ്ങളിൽ അടിമപ്പെടാതെ, ഉയരങ്ങളിലേക്ക് കണ്ണുയർത്തി, മുടങ്ങിപ്പോയ ആലയംപണി നമുക്ക് പുനരാരംഭിക്കാം. ആ ആലയത്തിൽ സ്തുതികളും, സ്തോത്രങ്ങളും, ആരാധനയും ഉണ്ടാകുമ്പോൾ നമ്മുടെ ദൈവം അതിൽ പ്രസാദിച്ചു മഹത്വപ്പെടും. വിശുദ്ധിയില്ലാതെ ദൈവത്തെ പ്രസാദിപ്പിക്കാൻ സാധ്യമല്ലല്ലോ. പ്രിയദൈവജനമേ നമ്മുടെ കർത്താവിനെ നമ്മുടെ ആലയത്തിൽ നമുക്ക് മഹത്വപ്പെടുത്താം. അപ്പോൾ ദൈവജനം അനുഗ്രഹിക്കപ്പെടും. ആമേൻ.

**പരാമർശം:**

എഫെസ്യർ 5:1, 2

എന്നാൽ പ്രിയമക്കൾ എന്നപോലെ ദൈവത്തെ അനുകരിപ്പിൻ. ക്രിസ്തുവും നിങ്ങളെ സ്നേഹിച്ചു നമുക്കു വേണ്ടി തന്നെത്താൻ ദൈവത്തിന്നു സൌരഭ്യവാസനയായ വഴിപാടും യാഗവുമായി അർപ്പിച്ചതു പോലെ സ്നേഹത്തിൽ നടപ്പിൻ.

**സിസ്റ്റർ റീന ഷാജി പള്ളിപ്പാട് 017**